**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2434** **12-02-2024 - ൽ മറുപടിയ്ക്ക്**

**മസ്റ്ററിംഗിനുള്ള അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർക്ക് അസുഖം ഉൾപ്പെടെയുള്ള കാരണങ്ങളാൽ മസ്റ്ററിംഗ് നടത്താനാവാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയായിരുന്നു വാർഷിക മസ്റ്ററിംഗിന് സമയം അനുവദിച്ചിരുന്നത്. വിവിധ കാരണങ്ങളാൽ മസ്റ്ററിംഗ് നടത്താനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത സമയം 2023 ജൂലൈ 31 വരെയും പിന്നീട് 2023 ആഗസ്റ്റ് 31 വരെയും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപ്റ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു.<br><br>സർക്കാർ നിശ്ചയിച്ചിരുന്ന സമയ പരിധിക്കുള്ളിൽ വാർഷിക മസ്റ്ററിംഗ് ചെയ്യാത്ത ഗുണഭോക്താക്കൾക്ക്, 28.03.2023-ലെ സ.ഉ.(കൈ) നം.58/2023/ധന പ്രകാരം തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്. യഥാസമയം മസ്റ്ററിംഗ് ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് 07.10.2022-ലെ സ.ഉ(എം.എസ്) നം.174/2022/ ധന ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും. |
| (ബി) | പ്രസ്തുത ആളുകൾക്ക് മസ്റ്ററിംഗ് നടത്തുന്നതിന് അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ? | (ബി) | 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയായിരുന്നു വാർഷിക മസ്റ്ററിംഗിന് സമയം അനുവദിച്ചിരുന്നത്. വിവിധ കാരണങ്ങളാൽ മസ്റ്ററിംഗ് നടത്താനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത സമയം 2023 ജൂലൈ 31 വരെയും പിന്നീട് 2023 ആഗസ്റ്റ് 31 വരെയും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനു |

| | | | |
|---|---|---|---|
| | | | ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപറ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു.<br><br>സർക്കാർ നിശ്ചയിച്ചിരുന്ന സമയ പരിധിക്കുള്ളിൽ വാർഷിക മസ്റ്ററിംഗ് ചെയ്യാത്ത ഗുണഭോക്താക്കൾക്ക്, 28.03.2023-ലെ സ.ഉ.(കൈ) നം.58/2023/ധന പ്രകാരം തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്. യഥാസമയം മസ്റ്ററിംഗ് ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് 07.10.2022-ലെ സ.ഉ(എം.എസ്) നം.174/2022/ ധന ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് -വിവിധ കാരണങ്ങളാൽ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ കുടിശ്ശികയായവർക്ക് പെൻഷൻ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ. (എംഎസ്) നം.174/2022/ധനം തീയതി, തിരുവനന്തപുരം, 07/10/2022**

പരമർശം :- 1. സർക്കുലർ നം.62/2021/ധന, തീയതി 02.08.2021.

2. സർക്കുലർ നം.07/2022/ധന, തീയതി 09.02.2022

<u>**ഉത്തരവ്**</u>

പെൻഷൻ മസ്റ്ററിംഗ് ചെയ്യാത്തതിനാലും, ബാങ്ക് അക്കൗണ്ട് മാറിയതിനാലും മറ്റ് കാരണങ്ങളാലും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും സർക്കാർ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്യുന്ന വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളുടെയും കുടിശ്ശിക അനുവദിക്കണമെന്ന നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ച സാമൂഹിക പ്രതിബദ്ധത അനുവർത്തിച്ചാണ് വിവിധ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി പെൻഷനുകൾ സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ സാഹചര്യത്തിൽ, മസ്റ്ററിംഗ് ചെയ്യുന്നതിൽ വന്ന കാലതാമസം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പെൻഷൻ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക

വ്യക്തിഗതമായി അനുവദിക്കാൻ കഴിയില്ല എന്നും, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി, കുടിശ്ശിക വിതരണത്തിനായി സർക്കാർ ഫണ്ട് കണ്ടെത്തി ആയത് അനുവദിക്കുമ്പോൾ മാത്രമേ ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാകുകയുള്ളൂ എന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ

ഇൻഫോർമേഷൻ കേരള മിഷൻ

ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ലിയു.എ ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

(ഫയൽ നം. E-2090072/എസ്.എഫ്.സി.ബി3/20/ധന)

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ